REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 02-10-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- **രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 156-ാമത് ജന്മദിനം ഇന്ന്. ആഗോളതലത്തിൽ അഹിംസാ ദിനാചരണവും ഇന്ന്.**
- **തിന്മയുടെ മേൽ നന്മയുടെ വിജയം ഉദ്ഘോഷിച്ച് രാജ്യമെമ്പാടും ഇന്ന് വിജയദശമി ആഘോഷിക്കുന്നു.**
- **കേന്ദ്രഗവണ്മെന്റ് ജീവനക്കാരുടെയും പെൻഷൻകാരുടെയും ക്ഷാമബത്ത മൂന്ന് ശതമാനം വർധിപ്പിച്ചു.**
- **കേന്ദ്രം സംസ്ഥാന ഗവണ്മെന്റുകൾക്ക് ഒരുലക്ഷത്തി 1,603 കോടി രൂപ പ്രത്യേക നികുതി വിഹിതം അനുവദിച്ചു.**
- **സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം മുഖ്യമന്ത്രി പിണറായി വിജയൻ ഉച്ചകഴിഞ്ഞ് കാഞ്ഞങ്ങാട്ട് ഉദ്ഘാടനം ചെയ്യും.**
- **ICC വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഓസ്ട്രേലിയ ന്യൂസിലാൻഡിനെ 89 റൺസിന് തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 156-ാമത് ജന്മദിനം ഇന്ന്. ആഗോളതലത്തിൽ അഹിംസാ ദിനമായും രാജ്യത്ത് ഗാന്ധിജയന്തിയായും ഈ ദിവസം ആഘോഷിക്കുകയാണ്. ന്യൂഡൽഹിയിലെ ഗാന്ധിസമാധിയായ രാജ്ഘട്ടിൽ ആഘോഷങ്ങളുടെ ഭാഗമായി സർവധർമ പ്രാർത്ഥനാസഭ രാവിലെ ചേരും. ഗാന്ധിജയന്തി ആഘോഷങ്ങളുടെ ഭാഗമായി രാജ്യവ്യാപകമായി ഒട്ടേറെ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

രാഷ്ട്രപിതാവിന്റെ ജന്മദിനത്തിൽ ഗാന്ധിജിയുടെ ആദർശങ്ങൾക്കും ദർശനങ്ങൾക്കുമായി പുനരർപ്പണം ചെയ്യാൻ രാഷ്ട്രപതി ദ്രൗപദി മുർമു ആശംസാസന്ദേശത്തിൽ ജനങ്ങളെ ആഹ്വാനം ചെയ്തു. സമാധാനം, സത്യം, സഹിഷ്ണുത എന്ന മഹാത്മജിയുടെ സന്ദേശം മനുഷ്യരാശിയുടെ മുഴുവൻ പ്രചോദനമാണെന്ന് അവർ പറഞ്ഞു. അയിത്തോച്ചാടനത്തിനും സാക്ഷരതയ്ക്കും വേണ്ടി പ്രവർത്തിച്ച മഹാത്മാഗാന്ധി ലഹരിയ്ക്കും മറ്റ് സാമൂഹ്യ തിന്മകൾക്കും എതിരെ സന്ധിയില്ലാ സമരം നടത്തിയിരുന്നുവെന്ന് രാഷ്ട്രപതി അനുസ്മരിച്ചു. സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് പിന്തുണയും ശക്തിയുമായിരുന്നു മഹാത്മജിയെന്നും രാഷ്ട്രപതി സന്ദേശത്തിൽ പറഞ്ഞു.

✪✪✪

ഇന്ന് വിജയദശമി - വിദ്യാരംഭം. ആയിരകണക്കിന് കുരുന്നുകൾ അറിവിന്റെ ആദ്യാക്ഷരം കുറിക്കും. ക്ഷേത്രങ്ങളിലും സാംസ്കാരിക കേന്ദ്രങ്ങളിലും കുട്ടികളെ എഴുത്തിനിരുത്തുന്ന ചടങ്ങ് ആരംഭിച്ചുകഴിഞ്ഞു.

കൊല്ലൂർ മൂകാംബിക ക്ഷേത്രത്തിലും കോട്ടയം പനച്ചികാട് സരസ്വതി ക്ഷേത്രം, പറവൂർ ദക്ഷിണ മൂകാംബിക, ചോറ്റാനിക്കര, ആറ്റുകാൽ, പൂജപ്പുര സരസ്വതി മണ്ഡപം, തൃശൂർ തിരുവുള്ളക്കാവ് എന്നിവിടങ്ങളിലും തിരൂർ തുഞ്ചൻപറമ്പിലും ,ലക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരകം, മറ്റ് സാംസ്കാരിക കേന്ദ്രങ്ങൾ എന്നിവിടങ്ങളിലും വിദ്യാരംഭ ചടങ്ങുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

കോഴിക്കോട് കേസരിഭവനിലെ സരസ്വതി മണ്ഡപത്തിലും കൊയിലാണ്ടി കൊല്ലം പിഷാരിക്കാവ്, , കോഴിക്കോട് അഴകൊടി ദേവി ക്ഷേത്രം, വളയനാട് ദേവീക്ഷേത്രം എന്നിവിടങ്ങളിലും വിദ്യാരംഭ ചടങ്ങുകളുണ്ട്.

തപസ്യ സാഹിത്യ വേദി സംസ്ഥാന തലത്തിൽ സംഘടിപ്പിക്കുന്ന വിദ്യാരംഭം ശുകപുരം കുളങ്കര ക്ഷേത്രാങ്കണത്തിൽ ആരംഭിച്ചു. മേൽപ്പത്തൂർ ഭട്ടതിരിയുടെ കുറമ്പത്തൂരിലെ ഇല്ലപറമ്പ്, തിരൂരിനടത്ത് വള്ളത്തോൾ സ്മാരക കേന്ദ്രം, ഭക്തകവി പൂന്താനത്തിന്റെ പെരിന്തൽമണ്ണയിലെ ഇല്ലം തുടങ്ങി വിവിധ കേന്ദ്രങ്ങളിൽ കുട്ടികൾക്ക് ആദ്യാക്ഷരം കുറിക്കാൻ സൗകര്യങ്ങളൊരുക്കിയിട്ടുണ്ട്.

✪✪✪

തിരൂർ തുഞ്ചൻ പറമ്പിൽ വിദ്യാരംഭ ചടങ്ങുകൾ ഉത്സവാന്തരീക്ഷത്തിൽ പുരോഗമിക്കുകയാണ്. നിരവധി കുരുന്നുകളാണ് ആദ്യാക്ഷരം കുറിക്കാൻ എത്തിക്കൊണ്ടിരിക്കുന്നത്.

M  സുരേഷ് ബാബുവിന്റെ റിപ്പോർട്ട്.

(VOICE)

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു വിജയദശമി ദിനത്തിൽ രാജ്യത്തെ ജനങ്ങൾക്ക് ആശംസകൾ നേർന്നു. അധർമ്മത്തിനു മേൽ ധർമ്മം നേടിയ വിജയത്തെ ഉദ്‌ഘോഷിക്കുന്ന  ഉത്സവം സത്യത്തിന്റെയും നീതിയുടെയും പാത പിന്തുടരാൻ ആളുകളെ പ്രചോദിപ്പിക്കുന്നുവെന്ന് രാഷ്ട്രപതി സന്ദേശത്തിൽ പറഞ്ഞു.

✪✪✪

വരും തലമുറ GST  പരിഷ്കരണങ്ങളുടെ ഭാഗമായി ജിം, ഫിറ്റ്നസ് സെന്ററുകളുടെ നികുതി നിരക്ക് കുറച്ച ഗവൺമെന്റ് നടപടി ഫിറ്റ്നസ് പ്രേമികൾക്ക് ഏറെ ആശ്വാസകരമാണ്. ആരോഗ്യകരമായ ജീവിതശൈലിക്ക് പ്രോത്സാഹനം നൽകുന്നതാണ്  നടപടി.

<വോയ്സ്>

✪✪✪

കുടുംബങ്ങളുടെ സാമ്പത്തിക ബാധ്യത ലഘൂകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേന്ദ്ര ഗവൺമെന്റ് വരും തലമുറ GST പരിഷ്കാരങ്ങൾ നടപ്പാക്കിയത്. ജിം, ഫിറ്റ്നസ് സെന്ററുകളുടെ നികുതി നിരക്ക് 18 ശതമാനത്തിൽ നിന്ന് അഞ്ച് ശതമാനമായി കുറച്ചത് ഫിറ്റ്നസ് പ്രേമികൾക്ക് ചെലവ് ഗണ്യമായി കുറയ്ക്കും. ഇതോടൊപ്പം സൈക്കിളുകളുടെ നികുതി നിരക്ക് 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായും കുറച്ചിട്ടുണ്ട്.

നികുതി ഗണ്യമായി കുറഞ്ഞതോടെ ഫിറ്റ്നസ് സെന്ററുകളിൽ കൂടുതൽ ആളുകൾക്ക് എത്താനാകും.  രോഗം വന്ന ശേഷം ചികിത്സിക്കുന്ന രീതിയിൽ നിന്ന് പ്രതിരോധ ആരോഗ്യമെന്ന സാമൂഹിക മാറ്റത്തിലേക്ക് ഇത് വഴിയൊരുക്കും. 'ഫിറ്റ് ഇന്ത്യ മൂവ്മെന്റ്' അടക്കം ദേശീയ പ്രതിരോധ ആരോഗ്യ സംരംഭങ്ങൾക്കും നീക്കം കരുത്ത് പകരും.

✪✪✪

കേന്ദ്രഗവണ്മെന്റ് ജീവനക്കാരുടെയും പെൻഷൻകാരുടെയും ക്ഷാമബത്ത മൂന്ന് ശതമാനം വർധിപ്പിച്ചു.  കഴിഞ്ഞ ജൂലൈ 1 മുതൽ മുൻകാല പ്രാബല്യത്തോടെയാണ് വർധന. 49 ലക്ഷത്തിൽപരം കേന്ദ്ര ജീവനക്കാർക്കും 68 ലക്ഷത്തിലേറെ പെൻഷൻകാർക്കും ഇതിന്റെ ആനുകൂല്യം ലഭിക്കുമെന്ന്

യോഗ തീരുമാനങ്ങളറിയിച്ച കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ പറഞ്ഞു. ഇന്നലെ ചേർന്ന കേന്ദ്രമന്ത്രിസഭയുടെ സാമ്പത്തികകാര്യ സമിതിയാണ് തീരുമാനമെടുത്തത്.

രാജ്യത്ത് 57 പുതിയ കേന്ദ്രീയ വിദ്യാലയങ്ങൾ ആരംഭിക്കാനും സാമ്പത്തികകാര്യ സമിതി അനുമതി നൽകി.

സാഫ്-ഫ്ലവറും പയർ - പരിപ്പ്, കടുക് എന്നിവയുമടക്കം റാബി വിളകളുടെ താങ്ങുവിലയും കേന്ദ്രം വർധിപ്പിച്ചിട്ടുണ്ട്.

✪✪✪

കേന്ദ്രഗവണ്മെന്റ് സംസ്ഥാന ഗവണ്മെന്റുകൾക്ക് ഒരുലക്ഷത്തി 1,603 കോടി രൂപ പ്രത്യേക നികുതി വിഹിതം അനുവദിച്ചു. ഉത്സവ സീസൺ കണക്കിലെടുത്താണ് ഈ മാസം പത്തിന് നൽകേണ്ടിയിരുന്ന വിഹിതം ഇന്നലെ അനുവദിച്ചത്. കേരളത്തിന് 1,956 കോടി രൂപയാണ് വിഹിതം. ഉത്തർപ്രദേശിനാണ് ഏറ്റവും ഉയർന്ന തുക ലഭിക്കുന്നത് - 18,227 കോടി രൂപ. തമിഴ്നാടിന് 4,144 കോടി രൂപയും കർണാടകയ്ക്ക് 3,705 കോടി രൂപയും നികുതി വിഹിതം നൽകും. കഴിഞ്ഞ ഏപ്രിൽ - ജൂലൈ കാലഘട്ടത്തിൽ കേന്ദ്രഗവണ്മെന്റ് നാലുലക്ഷത്തി 28,544 കോടി രൂപ വിഹിതം നൽകിയിരുന്നു. കഴിഞ്ഞ സാമ്പത്തികവർഷം ഇതേ കാലയളവിനെക്കാൾ 61,914 കോടി രൂപ കൂടുതലാണിത്.

✪✪✪

പൊതുസേവനം, സൽഭരണം എന്നിവയിൽ കേന്ദ്രീകരിച്ച് പരിവർത്തനത്തിനും പുരോഗതിക്കുമായി അശ്രാന്ത പരിശ്രമത്തിലാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ കേന്ദ്ര ഗവൺമെന്റ്.

വടക്കുകിഴക്കൻ മേഖലയെ ദേശീയ മുഖ്യധാരയിലേക്ക് കൊണ്ടുവന്ന ഗവണ്മെന്റ് നടപടികളാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ 'സേവാ പർവി'ൽ ഇന്ന്.

(വോയ്സ്)

✪✪✪

ഒരുകാലത്ത് വിദൂര അതിർത്തിയായി കണക്കാക്കിയിരുന്ന വടക്കുകിഴക്കൻ ഇന്ത്യ ഇപ്പോൾ പുരോഗതിയുടെയും സമാധാനത്തിന്റെയും സാധ്യതകളുടെയും വിളനിലമായി മാറിയിരിക്കുന്നു. ചരിത്രപരമായി അവഗണിക്കപ്പെട്ട പ്രദേശങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് മോദി ഗവണമെന്റ് നടപ്പാക്കുന്ന

പ്രവർത്തനങ്ങൾ വടക്കുകിഴക്കൻ മേഖലയുടെ അഭൂതപൂർവമായ വളർച്ചയ്ക്കാണ് വഴിയൊരുക്കിയത്.

'ലുക്ക് ഈസ്റ്റ്' നയത്തെ 'ആക്ട് ഈസ്റ്റ്' നയമായി മാറ്റുക മാത്രമല്ല, വടക്കുകിഴക്കൻ ഇന്ത്യയുടെ പുരോഗതിക്കായി 'ആക്ട് ഫാസ്റ്റ്', ആക്ട് ഫസ്റ്റ് എന്നീ നയങ്ങൾ നടപ്പാക്കുക കൂടിയാണ് നരേന്ദ്ര മോദി ഗവൺമെന്റ് ചെയ്യുന്നത്. 2014-15 മുതൽ, വടക്കുകിഴക്കൻ മേഖലയുടെ വികസന മന്ത്രാലയത്തിന് നൽകുന്ന ബജറ്റ് വിഹിതത്തിൽ രണ്ടര മടങ്ങ് വർധനയാണ് രേഖപ്പെടുത്തിയത്.

വടക്കുകിഴക്കൻ മേഖലയെ മറ്റ് വികസിത പ്രദേശങ്ങൾക്ക് തുല്യമാക്കുന്നതിന് ഒരു സമഗ്ര ചട്ടക്കൂട് മുന്നോട്ടുവെക്കുന്നതാണ് 'വടക്കുകിഴക്കൻ മേഖല വിഷൻ 2020' രേഖ. രാജ്യത്തിന്റെ ചരിത്രത്തിൽ പാർശ്വവത്കരിക്കപ്പെട്ടിരുന്ന ഒരു മേഖല ഇന്ന് ഇന്ത്യയുടെ വളർച്ചാ എൻജിനായി മാറുന്ന കാഴ്ചയാണ് കാണുന്നത്.

✪✪✪

സാമൂഹിക ഐക്യദാർഢ്യ പക്ഷാചരണം സംസ്ഥാന തല ഉദ്ഘാടനം ഉച്ചയ്ക്ക് കാഞ്ഞങ്ങാട്ട്. മുഖ്യമന്ത്രി പിണറായി വിജയൻ ദുർഗ ഹയർസെക്കന്ററി സ്കൂളിൽ സംസ്ഥാനതല ചടങ്ങ് ഉദ്ഘാടനം ചെയ്യും. ഈ മാസം 15 വരെയാണ് സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം.

കാസർഗോഡ് പ്രതിനിധി പി ജഗന്നിവാസൻ

<Voice>

✪✪✪

GST-യിൽ കുറച്ച തുകയുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് കിട്ടുമോ എന്ന് ഉറപ്പില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. പല കമ്പനികളും GST-യിൽ കുറച്ച തുക കൂട്ടിയാണ് ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നത്. സിമന്റ് കമ്പനികൾ അത് ആരംഭിച്ചു കഴിഞ്ഞതായും മുഖ്യമന്ത്രി തലശ്ശേരിയിൽ പറഞ്ഞു. കോടിയേരി അനുസ്മരണ ദിനാചരണ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കാസർകോട് ജില്ലയിലെ വിവിധ പരിപാടികളിൽ പങ്കെടുക്കും. രാവിലെ കാസർഗോട്ട് സ്വകാര്യ ആശുപത്രി കെട്ടിടം ഉദ്ഘാടനം ചെയ്യുന്ന മുഖ്യമന്ത്രി ഒടയഞ്ചാൽ കൊടോംബേളൂർ ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സും നാടിന് സമർപ്പിക്കും.

✪✪✪

ICC വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ നിലവിൽ ചാമ്പ്യന്മാരായ ഓസ്ട്രേലിയ ന്യൂസിലാൻഡിനെ 89 റൺസിന് തോൽപ്പിച്ചു. ഇൻഡോറിലെ ഹോൾക്കർ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ആദ്യം ബാറ്റ് ചെയ്ത ഓസ്ട്രേലിയ 49.3 ഓവറിൽ 326 റൺസെടുത്തു. തുടർന്ന് ബാറ്റ് ചെയ്ത ന്യൂസിലാൻഡ് 237 റൺസിന് എല്ലാവരും പുറത്തായി.

ഇന്ന് കൊളംബോ പ്രേമദാസ സ്റ്റേഡിയത്തിൽ ബംഗ്ലാദേശ് പാക്കിസ്ഥാനെ നേരിടും. ഉച്ചകഴിഞ്ഞ് മൂന്നിനാണ് മത്സരം.

✪✪✪

ഇന്ത്യ - വെസ്റ്റ് ഇൻഡീസ് ടെസ്റ്റ് പരമ്പരയിലെ ആദ്യ മത്സരം രാവിലെ 9.30ന് അഹമ്മദാബാദ് നരേന്ദ്രമോദി സ്റ്റേഡിയത്തിൽ ആരംഭിക്കും. രണ്ട് മത്സരങ്ങളുടെ പരമ്പരയിൽ ആദ്യത്തേതാണിത്.

ഇന്ത്യൻ ടീമിന്റെ പുതിയ ക്യാപ്റ്റൻ ശുഭ്മാൻ ഗില്ലിന്റെ നേതൃത്വത്തിൽ ആദ്യ ഹോം സീസൺ മത്സരമാണിത്. R അശ്വിൻ, വിരാട് കോഹ്‌ലി, രോഹിത് ശർമ എന്നിവർ ഇന്നത്തെ മത്സരത്തിൽ പങ്കെടുക്കുന്നില്ല. രണ്ടാംടെസ്റ്റ് ഈ മാസം പത്തിന് ന്യൂഡൽഹിയിലാണ്.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോൾ രണ്ടാം സീസണ് ഇന്ന് കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ തുടക്കമാകും. രാത്രി 8 ന് ആരംഭിക്കുന്ന മത്സരത്തിൽ നിലവിൽ ജേതാക്കളായ കാലിക്കറ്റ് FC രണ്ടാം സ്ഥാനക്കാരായ ഫോഴ്സ കൊച്ചി FC-യെ നേരിടും. രണ്ടര മാസത്തോളം നീളുന്ന ലീഗിൽ ഫൈനലടക്കം 33 മത്സരങ്ങളുണ്ട്.

എല്ലാ മത്സരങ്ങളും സോണി സ്പോർട്സ് നെറ്റ്‌വർക്ക് സംപ്രേഷണം ചെയ്യും.

✪✪✪

സംസ്ഥാന ടൂറിസം വകുപ്പ് നടത്തുന്ന ചാമ്പ്യൻസ് ബോട്ട് ലീഗ് ഇന്ന് കണ്ണൂരിൽ. അഞ്ചരക്കണ്ടി പുഴയിൽ മുഴപ്പിലങ്ങാട് കടവിന് സമീപം നടക്കുന്ന മത്സരം വൈകുന്നേരം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രധിനിധി കെ ഒ ശശിധരൻ.

(വോയ്സ്)

✪✪✪

കോഴിക്കോട് സർവോദയ സംഘവും കേരള സർവോദയ മണ്ഡലവും സംയുക്തമായി സംഘടിപ്പിക്കുന്ന ഗാന്ധി ജയന്തി ആഘോഷം രാവിലെ ഖാദി ഗ്രാമോദ്യോഗ് ഓഡിറ്റോറിയത്തിൽ ആരംഭിക്കും. ടാഗോർ ഫൗണ്ടേഷന്റെ ഗാന്ധീയം-2025 കടപ്പുറം ഗാന്ധി പ്രതിമക്ക് സമീപം വൈകിട്ട് കല്പറ്റ നാരായണൻ ഉദ്ഘാടനം ചെയ്യും. പി ആർ നാഥൻ പ്രഭാഷണം നടത്തും.

ട്രയാങ്കിൾ സാംസ്കാരിക സംഘടന രാവിലെ കടപ്പുറത്തെ ഗാന്ധി പ്രതിമയിൽ ഹാരാർപ്പണം നടത്തും.

✪✪✪

ഗാന്ധിജയന്തിയുടെ ഭാഗമായി സായി കോഴിക്കോട് സെന്ററിന്റെ നേതൃത്വത്തിൽ ഫിറ്റ് ഇന്ത്യ ഫ്രീഡം റൺ രാവിലെ VK കൃഷ്ണമേനോൻ ഇൻഡോർ സ്റ്റേഡിയം പരിസരത്ത് ആരംഭിക്കും. ഡെപ്യൂട്ടി പൊലീസ് കമ്മീഷണർ അരുൺ K പവിത്രൻ ഫ്ലാഗ് ഓഫ് ചെയ്യും.

✪✪✪

---

*News Editor : ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs : സയ്യിദ് അലി ശിഹാബ്*
*DEO : ഹബീബ്*